# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3863 21.10.2016 ൽ മറുപടിയ്ക്ക്**

## ആലപ്പുഴ ജില്ലയിലെ പച്ചക്കറി ഉൽപ്പാദനം

| ചോദ്യം<br>**ശ്രീ.ആർ. രാജേഷ്** | മറുപടി<br>**ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
|---|---|
| എ) കഴിഞ്ഞ ഓണക്കാലത്തെ ഉത്പാദനം അടിസ്ഥാനമാക്കിയ കണക്ക് പ്രകാരം ആലപ്പുഴ ജില്ലയിൽ ഏറ്റവുമധികം പച്ചക്കറി ഉത്പാദിപ്പിച്ച നിയോജകമണ്ഡലം, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്തുകൾ എന്നിവ ഏതൊക്കെയെന്ന് അറിയിക്കാമോ; വിശദവിവരം ലഭ്യമാക്കുമോ? | എ) കഴിഞ്ഞ ഓണക്കാലത്ത് ആലപ്പുഴ ജില്ലയിൽ മാവേലിക്കര നിയോജകമണ്ഡലത്തിലാണ് കൂടുതൽ പച്ചക്കറി ഉൽപ്പാദിപ്പിക്കപ്പെട്ടത്. ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് അതിർത്തിക്കുള്ളിലുള്ള ഗ്രാമപഞ്ചായത്തുകളിലാണ് ജില്ലയിൽ ഏറ്റവും കൂടുതൽ പച്ചക്കറികൾ ഉൽപ്പാദിപ്പിച്ചത്.<br>**പഞ്ചായത്തുകൾ**<br>1.പാലമേൽ<br>2.വള്ളിക്കുന്നം<br>3.തഴക്കര<br>4.ചെറിയനാട്<br>5.കഞ്ഞിക്കുഴി<br>6.ചേർത്തല തെക്ക്<br>7.മണ്ണഞ്ചേരി<br>8.വെൺമണി<br><br>ഈ പഞ്ചായത്തുകളിലെ പച്ചക്കറി ഉൽപാദനത്തിന് നല്ലവില ലഭ്യമാക്കാനായി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന എ ഗ്രേഡ് ക്ലസ്റ്ററുകൾ മുന്നിട്ടിറങ്ങി മാർക്കറ്റിംഗ് സംവിധാനം ഒരുക്കുകയും ഓണസമൃദ്ധി പരിപാടി പ്രകാരം ജില്ലയിൽ നടത്തിയ 98 വിപണികളിൽ കൂടിയും മേൽ പഞ്ചായത്തുകളിൽ ഉൽപ്പാദിപ്പിച്ച പച്ചക്കറികൾ വിപണനം നടത്തുകയുണ്ടായി. കർഷകർക്ക് ന്യായവില ഉറപ്പാക്കാനും സാധാരണ ജനങ്ങൾക്ക് ഗുണമേന്മയുള്ള നാടൻ പച്ചക്കറികൾ ലഭ്യമാക്കാനും കൃഷിവകുപ്പിന് ഓണസമൃദ്ധി പദ്ധതിയിലൂടെ സാധിച്ചു. |

s. [signature]

**സെക്ഷൻ ഓഫീസർ**